COVID-19 (nCorona) Virus Outbreak Control and Prevention State Cell

Health & Family Welfare Department

Government of Kerala

# GUIDELINES FOR VOLUNTEERS AND NOGs PROVIDING PALLIATIVE CARE AT HOME

**N0-56/31/F2/H&FWD- 1st Feb 2022**

The volunteers and NOGs have been providing care and support to all pain and palliative care patients. In the wake of COVID pandemic they have been providing services for taking care of COVID patients at the grass roots.

In the wake of OMICRON wave, the guidelines are attached in the **Annexure A** for providing care and supports.

Principal Secretary

Annexure A

1. സന്നദ്ധപ്രവർത്തകർ അവരവരുടെ പ്രദേശത്തെ കിടപ്പിലായതും വീട്ടിൽനിന്നും പുറത്തിറങ്ങാൻ കഴിയാത്തതുമായ രോഗികൾ ഉള്ള വീടുകളുമായി നിരന്തര ബന്ധം പുലർത്തണം. ഫോൺ വഴിയും മറ്റും ബന്ധപ്പെട്ടു വിവരങ്ങൾ അറിഞ്ഞുകൊണ്ടിരിക്കണം.

2. ഭക്ഷണത്തിനു ബുദ്ധിമുട്ടുള്ള വീടുകൾ ഉണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനവും സന്നദ്ധസംഘടനകളും ആയി ബന്ധപ്പെട്ടു വേണ്ട കാര്യങ്ങൾ ചെയ്യണം.

3. ആശുപത്രികളും പാലിയേറ്റീവ് യൂണിറ്റുകളുമായി ബന്ധപ്പെട്ടു ഇവർ തുടർച്ചയായി കഴിച്ചുകൊണ്ടിരിക്കുന്ന മരുന്നുകൾ മുടങ്ങുന്നില്ല എന്ന് ഉറപ്പുവരുത്തണം.

4. കോവിഡ് വാക്സിൻ എടുക്കാൻ വിട്ടുപോയ ആരെങ്കിലും ഉണ്ടെങ്കിൽ സർക്കാർ ആശുപത്രിയുമായി ബന്ധപ്പെട്ടു വാക്സിൻ എടുപ്പിക്കേണ്ടതാണ്. രണ്ടു ഡോസ് എടുത്തവർക്ക് നൽകുന്ന കരുതൽ ഡോസ് സമയ ബന്ധിതമായി മുഴുവൻ രോഗികൾക്കും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. രോഗികൾക്കാർക്കെങ്കിലും പനി, തൊണ്ടവേദന, ജലദോഷം എന്നീ ബുദ്ധിമുട്ടുകൾ പുതിയതായി വന്നാൽ ആശമാരുടെയോ ആരോഗ്യപ്രവർത്തകരുടെയോ ശ്രദ്ധയിൽ കൊണ്ടുവരികയും അവർ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചു പ്രവർത്തിക്കുകയും വേണം.

6. ഡോക്ടർമാരുടെയും നഴ്സുമാരുടെയും നേതൃത്വത്തിൽ വീടുകളിൽ ചെന്ന് പരിചരണം നൽകുന്ന യൂണിറ്റുകൾ, ഹോം കെയർ എണ്ണം വർധിപ്പിക്കുവാൻ ശ്രമിക്കണം.

7. സേവനം ആവശ്യമുള്ള ആവശ്യമുള്ള രോഗികളുടെ ലിസ്റ്റ് സന്നദ്ധ സംഘടനകൾക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സ്വീകരിക്കാവുന്നതാണ്.

8. ഹോം കെയറിൽ പങ്കെടുക്കുന്ന നഴ്സുമാർക്കും സന്നദ്ധപ്രവർത്തകർക്കും പ്രത്യേക പരിശീലനം നൽകേണ്ടതാണ്.

9. ആരോഗ്യപ്രവർത്തകർ നൽകുന്ന നിദ്ദേശങ്ങൾക്കനുസരിച്ചുള്ള ബോധവൽക്കരണം ഹോം കെയറിനു ചെല്ലുന്ന വീടുകളിൽ നൽകേണ്ടതാണ്.

10 എല്ലാ രോഗികൾക്കും കോവിഡ് ഉണ്ടാകാം എന്ന രീതിയിലുള്ള സാർവത്രിക മുൻകരുതൽ ( N95 മാസ്ക് , ഗ്ലൗസ്, ഡിസ്പോസബിൾ / സ്റ്ററിലൈസ് ചെയ്തു ഉപയോഗിക്കാവുന്ന ഏപ്രൺ ) സ്വീകരിച്ചു വേണം ഹോം കെയർ നടത്തുവാൻ .

11 . ഹോം കെയർ നടത്തുമ്പോൾ രോഗികളുടെ കുടുംബാംഗങ്ങളുമായി സാമൂഹിക അകലം പാലിക്കുവാൻ പരമാവധി ശ്രദ്ധിക്കണം.

12 . കോവിഡ് ലക്ഷണങ്ങൾ ഉള്ള രോഗികളുടെ വിവരം സർക്കാർ ആശുപത്രിയിൽ അറിയിക്കണം. കോവിഡ് ലക്ഷണങ്ങൾ ഉണ്ടെങ്കിലും അവർക്കു നൽകിക്കൊണ്ടിരിക്കുന്ന പരിചരണങ്ങൾ എല്ലാം മുകളിൽ പറഞ്ഞ മുൻകരുതൽ എടുത്തു നൽകണം.

13 കോവിഡ് ലക്ഷണങ്ങൾ ഉള്ളവർക്കുള്ള ടെസ്റ്റും ചികിത്സയും സംബന്ധിക്കുന്ന നിർദേശങ്ങൾ ഡോക്ടർമാരെ ഫോൺ വഴി ബന്ധപ്പെട്ടോ ഇ സഞ്ജീവനി പ്ലാറ്റ്ഫോം വഴിയോ സ്വീകരിക്കേണ്ടതാണ്. രോഗികളുടെ അവസ്ഥയനുസരിച്ച വീട്ടിൽ നൽകുവാൻ കഴിയുന്ന ചികിൽസകൾ വീട്ടുകാരുടെ സമ്മതത്തോടെ വീട്ടിൽ തന്നെ നൽകാവുന്നതാണ്.

14. ഹോസ്പിറ്റൽ ചികിത്സ ആവശ്യമാണെകിൽ ആരോഗ്യപ്രവർത്തകരുമായി ബന്ധപ്പെട്ടു രോഗികളെ ആശുപത്രിയിലേക്ക് മാറ്റേണ്ടതാണ്.

15. കാൻസർ ബാധിച്ചവർ, ഡയാലിസിസ് രോഗികൾ എന്നിവരുടെ ചികിത്സ മുടങ്ങാതിരിക്കുവാൻ ജില്ലാ അധികാരികളുമായി ബന്ധപ്പെട്ടു വേണ്ട ഇടപെടലുകൾ നടത്തണം.